# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1477 03.10 .2011ൽ മറുപടിയ്ക്ക്

**<u>കോലഞ്ചേരി പള്ളി സഭാതർക്കം</u>**

<u>ചോദ്യം</u>

ശ്രീ കെ. സുരേഷ് കുറുപ്പ് :
ശ്രീ രാജു എബ്രഹാം :
ശ്രീ ആർ. സെൽവരാജ് :
ശ്രീ ബാബു എം. പാലിശ്ശേരി :

<u>മറുപടി</u>

ശ്രീ ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

എ) കോലഞ്ചേരി പള്ളി അവകാശത്തെപ്പറ്റിയുള്ള സഭാതർക്കം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

എ) കോടതി വിധിയെ തുടർന്നുണ്ടായ സഭാ തർക്കം പരിഹരിക്കുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തിയ ശ്രമങ്ങൾ സമവായത്തിലെത്താതിരുന്ന സാഹചര്യത്തിൽ മദ്ധ്യസ്ഥ ശ്രമങ്ങൾക്ക് ഹൈക്കോടതിയുടെ കീഴിലുള്ള കേരള മീഡിയേഷൻ സെന്ററിന്റെ സേവനം അഭ്യർത്ഥിക്കുകയും മദ്ധ്യസ്ഥരായി അഭിഭാഷകരായ ശ്രീ. ശ്രീലാൽ വാര്യരേയും ശ്രീ എൻ. ധർമ്മദാസനേയും മീഡിയേഷൻ സെന്റർ നിയോഗിക്കുകയും ചെയ്തു. ഈ മദ്ധ്യസ്ഥ ശ്രമങ്ങളും ഫലം കാണാതിരുന്ന സാഹചര്യത്തിൽ, അഭിപ്രായ സമന്വയത്തിനും പ്രശ്ന പരിഹാരത്തിനും വേണ്ടി മുഖ്യമന്ത്രി കൂടുതൽ സമയം ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി സമരത്തിൽ നിന്ന് ഇരു വിഭാഗവും പിന്മാറിയിരിക്കുകയുമാണ്. പള്ളി അവകാശത്തെപ്പറ്റിയുള്ള സഭാ തർക്കം കാരണം ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ കരുതൽ നടപടികൾ സർക്കാരും ജില്ലാ ഭരണകൂടവും സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) പ്രസ്തുത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സഭാതർക്കം സംബന്ധിച്ച് വിശദമാക്കാമോ ; ഇക്കാര്യത്തിൽ നിയമാനുസൃതം നടത്തേണ്ടിയിരുന്ന നടപടി എന്തായിരുന്നു ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യാക്കോബായ - ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ ഈ വിഷയത്തിൽ വർഷങ്ങളായി തർക്കം നിലനിൽക്കുന്നതും ഇരു വിഭാഗങ്ങളും നിയമ നടപടികളുമായി മുന്നോട്ടു പോയിട്ടുള്ളതുമാണ്. തർക്കത്തിന് ആസ്പദമായ കോടതി വിധിയുണ്ടായ കേസിൽ സർക്കാർ കക്ഷിയല്ല. ടി വിധിയിൽ സർക്കാരിന് പ്രത്യേക നിർദ്ദേശങ്ങളൊന്നും കോടതിയിൽ നിന്നും ലഭിച്ചിട്ടില്ല. അനുകൂല വിധി നേടിയ കക്ഷി വിധി നടത്തിക്കിട്ടുന്നതിന് വേണ്ടി എക്സിക്യൂഷൻ പെറ്റീഷനും ഫയൽ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ നിയമപരമായി സർക്കാരിന് ഇക്കാര്യത്തിൽ ഇടപെടാൻ പരിമിതികളുള്ളതിനാൽ ക്രമസമാധാന പ്രശ്നങ്ങൾ നിയന്ത്രിച്ചു നിർത്തിക്കൊണ്ട് അനുരഞ്ജന ശ്രമങ്ങളിലൂടെ തർക്കം പരിഹരിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. |
| സി) പ്രസ്തുത തർക്കംമൂലം ഏതെങ്കിലും പള്ളികൾ അടഞ്ഞു കിടക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ? | സി) സഭാ തർക്കത്തെ തുടർന്ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സെന്റ് പോൾസ് പള്ളിക്കും ഇതിന്റെ കീഴിലുള്ള കോട്ടൂർ പള്ളിക്കും മുഴുവൻ സമയ പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും തർക്കത്തെത്തുടർന്ന് ഒരു പള്ളിയും ഔദ്യോഗികമായി അടച്ച് സീൽവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ